# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

19.02.2016- ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2729

### കയർ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.കെ സദാശിവൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയറുല്പന്നങ്ങൾ വാങ്ങിക്കുകയോ യഥാസമയം വില നൽകുകയോ ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി)<br><br>കയർഫെഡ് സംഭരിച്ച കയറിന് സംഘങ്ങൾക്ക് നൽകാനുള്ള മുഴുവൻ തുകയും നൽകുന്നതിനായി കയർഫെഡിന് 6.5 കോടി രൂപ പി പി എസ് എസ് പദ്ധതി പ്രകാരം അനുവദിക്കുകയും നിർദ്ദിഷ്ട തീയതിക്കുള്ളിൽ തുക സംഘങ്ങൾക്ക് നൽകുകയും ചെയ്തു. കയർ സഹകരണ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ മുഴുവൻ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകിയതുപ്രകാരം മുഴുവൻ കയറും കയർഫെഡ് സംഭരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇത് കയർ സംഘങ്ങളുടെ പ്രവർത്തനത്തേയും തൊഴിലാളികളേയും സാരമായി ബാധിച്ചിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | |
| സി) തൊഴിലാളികൾ പട്ടിണി കിടക്കുമ്പോഴും കയർമേളയുടെ മറവിൽ വൻ ധൂർത്തും ക്രമക്കേടുകളും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2016 വരെ നടന്ന കയർമേളകൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലത്തെ കയർ മേളകൾ കയർ മേഖലയ്ക്ക് നേട്ടമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) കയർമേളയുടെ മറവിൽ ധൂർത്തും ക്രമക്കേടുകളും നടക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>2011 മുതൽ 2016 വരെ നടന്ന കയർമേളകൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>(see table below)<br><br>ഈ സർക്കാർ അധികാരമേറ്റശേഷമുള്ള കയർമേളകൾ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും |

| വർഷം | ചെലവായ തുക |
|---|---|
| കയർ കേരള 2011 | 2,60,00,000/ |
| കയർകേരള 2012 | 3,59,96,185/- |
| കയർ കേരള 2013 | 4,76,36,949/- |
| കയർ കേരള 2014 | 4,16,46,952/- |
| കയർ കേരള 2015 | 4,10,91,080/- |
| കയർ കേരള 2016 | വരവ് ചെലവ് തുകയുടെ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ല. |

| | |
|---|---|
| | ആഭ്യന്തര വിദേശ വിപണി കണ്ടെത്തുവാനും കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ